ന്നതു". എതായാലും കൊഴിഞ്ഞാമ്പാറയിലെ കാര്യത്തെപ്പറ്റി ഗവമ്മെണ്ടു പ്രത്യേകമായി ആലോചിക്കാം.

GOVERNMENT HOUSES OUTSIDE THE STATE—FACILITIES FOR OFFICERS TO CAMP THERE

125. മിസ്റ്റർ കെ. എ. രാഘവൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) കൊച്ചിക്കു വെളിയിൽ സ്ഥിതിചെയ്യുന്ന ഗവമ്മെണ്ടുവക മന്ദിരങ്ങൾ ആരുടെ ഒക്കെ കൈവശത്തിലാണിരിക്കുന്നതു";

(ബി) ആവക സ്ഥലങ്ങളിൽ മന്ത്രിമാക്കൊ പ്രധാന ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാക്കൊ വേണ്ടിവന്നാൽ ക്യാമ്പു ചെയ്യുന്നതിനു സൌകര്യം ലഭിച്ചിട്ടുണ്ടൊ, ലഭിക്കുന്നുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ:

(എ) കൊച്ചിക്കു വെളിയിൽ ഗവമ്മെണ്ടുവകയായുള്ള മന്ദിരങ്ങൾ താഴെ പറയുന്നവയാകുന്നു.

ക. കൊച്ചിൻ ഹൌസ്, മദിരാശി.

ഖ. സ്പ്രീങ്ഫീൽഡും എൽക്ഹിൽ പാലസും, ഊട്ടി.

ഗ. കൊച്ചിൻ ഹൌസ്, ന്യൂഡൽഹി.

ഇതിൽ ഒന്നും രണ്ടും ഗവമ്മെണ്ടു് കൈവശത്തിലും മൂന്നാമത്തേതു ഇൻഡ്യൻ നാഷനൽ ലേബർ ആഫീസുകാക്കു് വാടകക്കു് കൊടുത്തിരിക്കുകയുമാണു്.

(ബി) കൊച്ചിൻ ഹൌസ് ന്യൂഡൽഹിയിൽ ഒരു സെറ്റു മുറികളും മന്ത്രിമാക്കും ഇന്നാട്ടിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാക്കും വേണ്ടി റിസർവു ചെയ്തു വെച്ചിട്ടുണ്ടു്.

കൊച്ചിൻ ഹൌസ് മദിരാശി, സ്പ്രീങ് ഫീൽഡ് പാലസ്, ഊട്ടി രാജകുടുംബാംഗങ്ങളുടെ ഉപയോഗത്തിനുള്ളതാകുന്നു. എൽക്ഹിൽ പാലസ് ദിവാൻജിയുടെ ഔദ്യോഗിക വാസസ്ഥലമായിട്ടാണു് ഉപയോഗിച്ചിരുന്നതു്.

മിസ്റ്റർ കെ. എ. രാഘവൻ: ന്യൂഡൽഹിയിലുള്ള കൊച്ചിൻഹൌസ്സു് വാടകയ്ക്കു കൊടുത്തിരിക്കുന്നതു വല്ല വ്യവസ്ഥയോടുംകൂടിയാണൊ?

റാവുബഹദൂർ ടി. കെ. നായർ: മുന്നുകൊല്ലത്തെ വ്യവസ്ഥവച്ചു വാടകയ്ക്കു കൊടുത്തിരിക്കുകയാണു്.

മിസ്റ്റർ കെ. എ. രാഘവൻ: എത്ര നാളായി കൊടുത്തിട്ടു്?

റാവുബഹദൂർ ടി. കെ. നായർ: ഏ½ കൊല്ലമായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ന്യൂഡൽഹിയിൽ കൊച്ചിൻ ഹൌസ് ഇരിക്കുന്നതിന്റെ പരിതഃസ്ഥിതി നോക്കുകയാണെങ്കിൽ ഇതിനു കിട്ടുന്ന വാടക വളരെ കുറഞ്ഞതാണെന്നു ഗവമ്മെണ്ടിനറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: വാടക നിശ്ചയിക്കുന്ന കാര്യത്തിൽ ഈ പറഞ്ഞതു ഒരഭിപ്രായം മാത്രമാണു്.

Mr. President: The long answer will be taken as read, if the House agrees.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I have seen that House. It is situated in the most important part of New Delhi, and I ask whether the rent is not too low, in simple crisp language whether the rent of Rs. 450 is not exceptionally low, objectionably low.

റാവുബഹദൂർ ടി. കെ നായർ: ന്യൂ ഡൽഹിയിലെ മറ്റു കെട്ടിടങ്ങളെ അപേക്ഷിച്ചു് ഇതിനു വാടക കൂടുതൽ കിട്ടാൻ വിരോധമില്ല.

മിസ്സിസ്സു് കെ. എം. ജോർ. മേനോൻ: എൽക്ഹിൽ പാലസ്സു് ദിവാൻജിയാണു് ഉപയോഗിച്ചിരുന്നതു് എന്നു പറഞ്ഞു. ഇപ്പോൾ ആർക്കു ഉപയോഗിക്കാനുള്ളതാണു്.

റാവുബഹദൂർ ടി. കെ. നായർ: മന്ത്രിമാർ ആരെങ്കിലും അവിടെ ചെന്നാൽ അവിടെത്തിൽ താമസിക്കാൻ വിരോധമില്ല.

മിസ്റ്റർ പി. കെ. ഡീവർ: മദ്രാസിലുള്ള കൊച്ചിൻ ഹൌസ്സിൽ മന്ത്രിമാക്കു താമസിക്കാൻ വിരോധമുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: വിരോധമില്ല. പക്ഷെ അവിടെ സൌകര്യങ്ങൾ കുറവാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ഇതിനു മുമ്പേ ദിവാൻജി അവിടെ താമസിച്ചിരുന്നതായി അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ദിവാൻജിക്കു താമസിക്കാൻ അവിടെ പ്രത്യേക സ്ഥലമുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റേറിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ പോയാൽ അവിടെ താമസിക്കാൻ വല്ല സൌകര്യവുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോഴും സൌകര്യം കുറവാണു്, എന്തെങ്കിലും സൌകര്യം അവിടെ ചെയ്യണമെന്നു വിചാരിക്കുന്നുണ്ടു്.

ചൌധരി. ജി. എസ്സ്. ധാരാസിംഗ്: നൂ ഡൽഹിയലുള്ള സ്ഥലം നാം ആവശ്യപ്പെട്ടപ്പോൾ ഒഴിഞ്ഞു കിട്ടുമോ?

റാവുബഹദൂർ ടി. കെ. നായർ. നു കൊല്ലം കഴിയാതെ ഒഴിപ്പിക്കാൻ സാദ്ധ്യമല്ല.

ചൌധരി. ജി. എസ്സ്. ധാരാസിംഗ്: ആവശ്യപ്പെട്ടാൽ ഒഴിഞ്ഞു തരുകയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: വ്യവസ്ഥപ്രകാരം കിട്ടുകയില്ല. ദയവായി ഒഴിഞ്ഞു തരണം.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: എൽക്കൽ പാലസ്സിൽ മന്ത്രിമാർക്കു മാത്രമേ താമസിക്കാൻ പാടുള്ളൂ; നിയമസഭാ പ്രസിഡണ്ടിനു താമസിക്കാൻ പാടില്ലേ?

റാവുബഹദൂർ ടി. കെ. നായർ: മന്ത്രിമാർക്കും പ്രസിഡണ്ടിനും താമസിക്കാം. ഗവർമ്മെണ്ടിന്റെ അനുമതിയോടുകൂടി മറ്റുള്ളവർക്കും താമസിക്കാം.

SELECTION BY PUBLIC SERVICE COMMISSION—RULES FOLLOWED AT PRESENT

126. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ദയവു മറുപടി പറയുമോ.—

(എ) പബ്ലിക്കു് സർവ്വീസ് കമ്മീഷൻ ഇപ്പോൾ സർവ്വീസിലേക്കു് ആളുകളെ എടുക്കുന്നതു് ഏതെല്ലാം വ്യവസ്ഥകളിന്മേലാണു്;

(ബി) എന്നുവരെയാണു് ഈ വ്യവസ്ഥകളും നിലനില്ക്കുക?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) Staff Selection Board-ന്റെ ചട്ടങ്ങൾ അനുസരിച്ചാണു് Public Service Commission ഇപ്പോൾ ആളുകളെ തിരഞ്ഞെടുക്കുന്നതു്.

(ബി) Public Service Commission-ന്റെ ചട്ടങ്ങൾ തയ്യാറാക്കുന്നതുവരെ ഈ വ്യവസ്ഥകൾ നിലനില്ക്കും.

മിസ്റ്റർ പി. നാരായണമേനോൻ: ചട്ടങ്ങൾ ഉണ്ടാക്കുന്നതു് ആരാണു്.

മിസ്റ്റർ എം. ശിവരാമമേനോൻ: ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു എനിക്കു കല്പന കിട്ടി അതനുസരിച്ചു ഞാൻ ചട്ടങ്ങൾ ഉണ്ടാക്കി അയച്ചിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: സ്റ്റാഫ് സെലക്ഷൻ ബോർഡാണല്ലോ ഇതിനു മുമ്പു് ഈ ജോലി നിർവ്വഹിച്ചിരുന്നതു്, അവർക്കു വല്ല അലവൻസും കൊടുത്തിരുന്നുവോ?

മിസ്റ്റർ എം. ശിവരാമമേനോൻ: സ്റ്റാഫ് സെലക്ഷൻ ബോർഡിനു അലവൻസു കൊടുത്തിരുന്നില്ല.

മസ്റ്റർ പി. നാരായണമേനോൻ: ചട്ടങ്ങൾ ഉണ്ടാക്കിയതിനു ശേഷമല്ലേ പബ്ലിക് സർവ്വീസു കമ്മീഷൻ ഏർപ്പെട്ടതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: ഗവർമ്മെണ്ടു വിചാരിച്ചുമാതിരിയല്ലാ കാര്യങ്ങൾ അവസാനിച്ചതു്. പബ്ലിക് സർവ്വീസു കമ്മീഷൻ ആദ്യം ഏർപ്പെടുത്തി. അതിനു ശേഷമാണു് ചട്ടങ്ങൾ ഉണ്ടാക്കിയതു്.

മസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: റൂൾസു ഉണ്ടാക്കുന്നതുവരെ ഇതിലെ ആളുകൾ ജോലിയില്ലാതെ ശമ്പളം വാങ്ങിക്കുകയല്ലേ ചെയ്യുന്നതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: ഇവർക്കു ആഫീസുണ്ടു്, സ്റ്റാഫുണ്ടു്, സിക്രട്ടറിമാത്രം ചാർജ്ജെടുത്തിട്ടില്ലായെന്നേയുള്ളൂ.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ സ്റ്റാഫു് എന്നാണു് സാങ്ഷനായതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly